## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3108** **19/06/2018-ൽ മറുപടിയ്ക്ക്**

## കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) കൃഷി വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ ഏത് തരം പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ്.<br><br>മേൽ സ്ഥാപനങ്ങളിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടുമായി ബന്ധിപ്പിച്ച പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിൽ പെൻഷൻ പദ്ധതി ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |

(contd...................)

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം തന്നെ സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ; | (ബി) | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. മറ്റു സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ് വിശദമാക്കുമോ? | (സി) | കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**